**Lalith Babu**

# Special law prevails over the general law

***വിവരാവകാശ നിയമപ്രകാരം വിവരങ്ങൾ നൽകുന്നതിനായി 120 രൂപ അടയ്ക്കാൻ അപേക്ഷകന് നിർദേശം നൽകിയപ്പോൾ അപേക്ഷകൻ ചെക്കാണ് നൽകിയത്. ചെക്ക് സ്വീകാര്യമല്ല എന്നറിയിച്ചപ്പോൾ Treasury Rules പ്രകാരം ചെക്ക് വാങ്ങാൻ താങ്കൾക്ക് ബാധ്യതയുണ്ട് എന്ന് അപേക്ഷകൻ അറിയിച്ചിരിക്കുകയാണ്. ചെക്ക് വാങ്ങാൻ ബാധ്യതയുണ്ടോ?***

**ഓഫീസിൽ ചെക്ക് സ്വീകരിക്കണം എന്നു Treasury Rules ൽ** പറയുന്നുണ്ട്. എന്നാൽ വിവരാവകാശ നിയമവുമായി ബന്ധപ്പെട്ട ഫീസ് ചട്ടത്തിൽ ചെക്കിനെക്കുറിച്ച് പറയുന്നില്ല. ഇവിടെ **രണ്ട് നിയമങ്ങൾ തമ്മിൽ, Special law യും general law യും തമ്മിൽ, തർക്കം ഉണ്ടായിരിക്കുകയാണ്.** ഇങ്ങനെ പൊതു നിയമവും **(general law)** പ്രത്യേക നിയമവും **(special law)** **തമ്മിൽ ഒരു വിഷയത്തിൽ തർക്കം ഉണ്ടാകുമ്പോൾ പ്രത്യേക നിയമമാണ് നിലനിൽക്കുക (Special law prevails over the general law).**

വിവരാവകാശ നിയമം പ്രത്യേക നിയമമാണ്. **Treasury Rules** ഒരു പൊതു നിയമവുമാണ്. ആയതിനാൽ ഇവിടെ **Treasury Rules** നു പകരം വിവരാവകാശ **നിയമത്തിലെ** ചട്ടങ്ങളാണ് നിലനിൽക്കുക. **ആയതിനാൽ ചെക്ക് സ്വീകരി ക്കുവാൻ നിർവ്വാഹമില്ല.**